**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1208

11 .02.2016-ൽ മറുപടിയ്ക്ക്

**'ഓൺലൈനായി ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ'**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് ഓൺലൈൻ സംവിധാനം വഴി റവന്യു വകുപ്പിൽ നിന്നും 24 ഇനം സർട്ടിഫിക്കറ്റുകൾ നൽകി വരുന്നതു കൂടാതെ റവന്യു-സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് ഏർപ്പെടുത്തിയിട്ടുള്ള സംയോജിത ഓൺലൈൻ പോക്കുവരവ് (Integrated Online Pokkuvaravu System) സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ഉടൻ നിലവിൽ വരുന്നതാണ്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) റവന്യു വകുപ്പിലെ ഭൂനികുതി ഒടുക്ക് തുടങ്ങിയ വിവിധ സാമ്പത്തിക സേവനങ്ങൾ ക്രോഡീകരിച്ച് സുതാര്യമായ ഒരു റവന്യു ഭരണത്തിന് കളമൊരുക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. സർക്കാരിനും പൊതുജനത്തിനും ഒരുപോലെ ഉപകാരപ്രദമായ ഈ പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽ നിന്നും സർക്കാരിലേയ്ക്ക് പിരിഞ്ഞു കിട്ടേണ്ട ഭൂനികുതി ഒരു വ്യക്തിക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ/ മൊബൈൽ ഫോണിന്റെ സഹായത്താൽ വീട്ടിലിരുന്നു തന്നെ ഒടുക്കാൻ കഴിയുന്നതാണ്. തുടക്കത്തിൽ ഭൂനികുതി മാത്രമാണ് ഈ സംവിധാനം വഴി അടയ്ക്കുവാൻ സാധിക്കുക. എങ്കിലും സമീപഭാവിയിൽത്തന്നെ വില്ലേജ് ഓഫീസിലേയ്ക്ക് പിരിഞ്ഞു കിട്ടേണ്ട മറ്റു നികുതികളും ഈ സംവിധാനം വഴി അടയ്ക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ, വില്ലേജ് ഓഫീസിൽ നിന്നും സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതായ വിവിധ റിപ്പോർട്ടുകൾ വളരെച്ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ ലഭ്യമാക്കാം എന്ന കാരണത്താൽ വില്ലേജ് ഓഫീസുകളിലെ ജോലിഭാരവും ഒരു പരിധി വരെ ഈ സംവിധാനത്തിലൂടെ കുറയ്ക്കാവുന്നതാണ്. |

| | |
|---|---|
| (സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) വില്ലേജ് ഓഫീസിലേയ്ക്ക് അടയ്ക്കേണ്ട/ പിരിഞ്ഞു കിട്ടേണ്ട നികുതികളും മറ്റു തുകകളും സ്വഗൃഹത്തിലിരുന്നു തന്നെ കമ്പ്യൂട്ടറിൻെറയോ സ്മാർട്ട് ഫോണിൻെറയോ സഹായത്തോടെ അടയ്ക്കുവാൻ സാധിക്കുന്ന വിപ്ലവകരമായ ഒരു പരിഷ്കാരമാണ് ഇത്. ഇതിലേയ്ക്കായി നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ വിനിയോഗിച്ചു കൊണ്ട് മറ്റു ചെലവുകളില്ലാതെ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതിയ്ക്കാവശ്യമായ സോഫ്റ്റ് വെയറായ റവന്യു ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം രണ്ടാം പതിപ്പ് (ReLIS ver 2.0) വികസിപ്പിച്ചെടുത്തിട്ടുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെൻ്ററാണ് ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യവും വികസിപ്പിച്ചെടുക്കുന്നത്. ആയത് അന്ത്യഘട്ടത്തിലുമാണ്. ഈ സോഫ്റ്റ് വെയർ സംവിധാനം പൂർണ്ണമായും ഉപയോഗക്ഷമമാകുന്നതോടുകൂടി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യവും നിലവിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ

3.9